**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 442** **4-5-2018 – ൽ മറുപടിയ്ക്ക്**

**ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി. രാജേഷ്<br>" എസ്. രാജേന്ദ്രൻ<br>" കെ.ഡി. പ്രസേനൻ<br>" ഡി.കെ. മുരളി: | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) 21 പുതിയ തസ്തികകൾ സൃഷ്ടിച്ചു. പുതുതായി 14 ടാറ്റാ സുമോ ഗോൾഡ് വാഹനങ്ങൾ അനുവദിച്ചു.<br>തിരുവനന്തപുരം പട്ടത്ത് വകുപ്പിന്റെ ഹെഡ് ക്വാർട്ടേഴ്സ് കെട്ടിട നിർമ്മാണം അവസാന ഘട്ടത്തിലാണ്.<br>കൊല്ലത്ത് ആധുനിക ലബോറട്ടറി സൗകര്യങ്ങളോടുകൂടിയ ജില്ലാ ഓഫീസ് കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചു<br>വകുപ്പിന്റെ ഓഫീസ് നിർമ്മാണത്തിനായി കോട്ടയം ജില്ലയിൽ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്.<br>പൊതു ജനങ്ങൾക്ക് പരാതി സമർപ്പിക്കുന്നതിന് 'സുതാര്യം' എന്ന ഒരു മൊബൈൽ ആപ്പ് പുറത്തിറക്കി. |
| (ബി) പ്രസ്തുത വകുപ്പിൽ നിന്നും ലൈസൻസ്, പായ്ക്കർ രജിസ്ട്രേഷൻ തുടങ്ങിയ സേവനങ്ങൾ പൊതു ജനങ്ങൾക്ക് ഓൺലൈനിലൂടെ ലഭ്യമാക്കുന്നതിന് ലീഗൽ മെട്രോളജി ഓപ്പറേഷൻ മാനേജ്മെന്റ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) പായ്ക്കർ രജിസ്ട്രേഷൻ, ലൈസൻസ് തുടങ്ങിയ സേവനങ്ങൾ പൊതു ജനങ്ങൾക്ക് ഓൺലൈനിലൂടെ നൽകുന്നതിന് LMOMS എന്ന പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. NIC വികസിപ്പിച്ച LMOMS എന്ന പോർട്ടൽ സോഫ്റ്റ് വെയർ അവസാന ഘട്ടത്തിലാണ്. |
| (സി) പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ യഥാസമയം പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) പരാതി സെൽ കൺട്രോളറാഫീസിൽ നിലവിലുണ്ട്. പരാതികൾ ഇ-മെയിലായും 'സുതാര്യം' എന്ന ഒരു ആപ്പ് വഴിയും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ